പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1768 | 05.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| പുൽപ്പറ്റ പഞ്ചായത്തിൽ സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. പി.ഉബൈദുള്ള: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം മണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ പുൽപ്പറ്റ പഞ്ചായത്തിൽ നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ധനകാര്യ വകുപ്പ് അനുമതി ലഭിച്ചിട്ടും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ;<br>(ബി) ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;<br>(സി)ഭരണാനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ? | (എ),(ബി) & (സി) പുൽപ്പറ്റ പഞ്ചായത്തിൽ മലപ്പുറം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിലേയ്ക്കായി ധനകാര്യവകുപ്പിലേയ്ക്കയച്ചപ്പോൾ നിലവിലെ SOR പ്രകാരം വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം ആയത് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ